**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2306**

**23-03-2012 - ൽ മറുപടിയ്ക്ക്**

**വരവൂർ വ്യവസായ പാർക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ രാധാകൃഷ്ണൻ | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) ചേലക്കര മണ്ഡലത്തിൽ വരവൂർ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി മുൻസർക്കാരിന്റെ കാലത്ത് ഭരണാനുമതി നല്കി തുക അനുവദിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ; | (ബി) തൃശ്ശൂർ ചേലക്കര മണ്ഡലത്തിൽ വരവൂർ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി 8.285 ഹെക്ടർ സ്ഥലം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. 194/- ലക്ഷം രൂപ വ്യവസായ വാണിജ്യ വകുപ്പിൽനിന്ന് തൃശ്ശൂർ ജില്ലാകളക്ടർക്ക് നല്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലാകളക്ടർ തലവനായ വില നിർണ്ണയ സമിതിയും നെഗോഷിയേഷൻ സമിതിയും രൂപീകരിച്ചിട്ടുണ്ട്. വസ്തുവിന്റെ പ്രമാണം രജിസ്റ്റർ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കിക്കിട്ടുന്നതിനുള്ള അപേക്ഷ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) പ്രസ്തുത വ്യവസായ പാർക്ക് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ? | (സി) വസ്തുവിന്റെ ആധാരം രജിസ്റ്റർ ചെയ്തതിനുശേഷം പാർക്ക് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ